# തപസ്യയുടെ പ്രത്യക്ഷ ഫലമാണ് - സന്തോഷം

ഇന്ന് ബാപ്ദാദ തന്റെ സർവ്വ തപസ്വീരാജാവായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. തപസ്വിയുമാണ്, അധികാരികളുമാണ് അതിനാൽ തപസ്വീരാജനാണ്. തപസ്യാ അർത്ഥം രാജ്യ അധികാരിയാകുക. തപസ്യ രാജാവാക്കുന്നു. അതിനാൽ സർവ്വരും രാജാവായില്ലേ. തപസ്യയുടെ ബലം എന്ത് ഫലമാണ് നല്കുന്നത്? അധീനതയിൽ നിന്നും അധികാരി അർത്ഥം രാജാവാക്കി മാറ്റുന്നു അതിനാൽ തപസ്യയിൽ നിന്നും രാജ്യ ഭാഗ്യം പ്രാപ്തമാകുന്നു എന്ന മഹിമയുണ്ട്. അപ്പോൾ എത്ര ശ്രേഷ്ഠമായ ഭാഗ്യമാണ്. ഇങ്ങനെയുള്ള ഭാഗ്യം മുഴുവൻ കല്പത്തിലും മറ്റാർക്കും പ്രാപ്തമാകില്ല. ഇത്രയും ഉയർന്ന ഭാഗ്യം- ഭാഗ്യ വിദാതാവിനെ തന്നെ സ്വന്തമാക്കി.. ഭാഗ്യം ഓരോന്നായി യാചിക്കേണ്ട ആവശ്യമില്ല. ഭാഗ്യ വിദാതാവിൽ നിന്നും സർവ്വ ഭാഗ്യവും സമ്പത്തിന്റെ രൂപത്തിൽ നേടിയെടുത്തു. സമ്പത്ത് ഒരിക്കലും യാചിക്കാറില്ല. സർവ്വ ഭാഗ്യം, ഭാഗ്യ വിദാതാവ് സ്വയം നല്കി. തപസ്യ അർത്ഥം ആത്മാവ് പറയുന്നു- ഞാൻ ബാബയുടേത്, ബാബ എന്റേത്, ഇതിനെയാണ് തപസ്യയെന്ന് പറയുന്നത്. ഈ തപസ്യയുടെ ബലത്തിലൂടെ ഭാഗ്യ വിദാതാവിനെ സ്വന്തമാക്കി. ഭാഗ്യ വിദാതാവായ ബാബയും പറയുന്നു- ഞാൻ നിന്റേതാണ്. അപ്പോൾ എത്ര ശ്രേഷ്ഠമായ ഭാഗ്യമാണ്. ഭാഗ്യത്തിനോടൊപ്പം സ്വരാജ്യവും ലഭിച്ചു. ഭാവിയിലെ വിശ്വത്തിന്റെ രാജ്യം സ്വരാജ്യത്തിന്റെ ആധാരമാണ്. അതിനാൽ തപസ്വീരാജനാണ്. ബാപ്ദാദായ്ക്കും തന്റെ ഓരോ രാജ്യ അധികാരി കുട്ടികളെ കാണുമ്പോൾ സന്തോഷമുണ്ടാകുന്നു. ഭക്തിയിൽ അനേക ജന്മങ്ങളിൽ ബാപ്ദാദായുടെ മുന്നിൽ എന്ത് പറഞ്ഞു? ഓർമ്മയുണ്ടോ അതോ മറന്നു പോയോ? അടിക്കടി സ്വയത്തെ ഞാൻ അടിമയാണ്, ഞാൻ അടിമയാണ് എന്ന് പറഞ്ഞു. ഞാൻ നിന്റെ അടിമയാണ്. ബാബ പറയുന്നു എന്റെ കുട്ടികൾ അടിമകളോ! സർവ്വ ശക്തിവാന്റെ കുട്ടികൾ അടികളെന്ന് പറയുന്നത് ശോഭിക്കില്ല. അതിനാൽ ബാബ ഞാൻ നിന്റെ അടിമയാണ് എന്നതിന് പകരം എന്ത് അനുഭവം ചെയ്യിച്ചു? ഞാൻ നിന്റേത്. അപ്പോൾ അടിമയിൽ നിന്നും രാജാവായി. ഇപ്പോഴും ഇടയ്ക്ക് അടിമയാകുന്നില്ലല്ലോ? അടിമയുടെ പഴയ സംസ്ക്കാരം ഇടയ്ക്ക് പ്രത്യക്ഷപ്പെടുന്നില്ലല്ലോ? മായയുടെ അടിമയാകുന്നുണ്ടോ? രാജാവിന് ഒരിക്കലും അടിമയാകാൻ സാധിക്കില്ല. അടിമത്വം ഇല്ലാതായോ അതോ ഇടയ്ക്കിടയ്ക്ക് ഇഷ്ടമായി തോന്നുന്നുണ്ടോ? അപ്പോൾ തപസ്യയുടെ ബലം വളരെ ശ്രേഷ്ഠമാണ്, എന്ത് തപസ്യയാണ് ചെയ്യുന്നത്? തപസ്യയിൽ പരിശ്രമിക്കുന്നുണ്ടോ? ബാപ്ദാദ കേൾപ്പിച്ചു തപസ്യയെന്താണ് എന്ന്. സന്തോഷമായിട്ടിരിക്കുക എന്ന്. തപസ്യ അർത്ഥം വളരെ സഹജമായി നൃത്തം ചെയ്യുക, പാടുക. നൃത്തം ചെയ്യാനും പാടാനും സഹജമല്ലേ അതോ പ്രയാസമാണോ? മനോരഞ്ജനമായി തോന്നുന്നുണ്ടോ അതോ പരിശ്രമം അനുഭവപ്പെടുന്നുണ്ടോ? അപ്പോൾ തപസ്യയിൽ എന്താണ് ചെയ്യുന്നത്? തപസ്യയുടെ പ്രത്യക്ഷ ഫലമാണ് സന്തോഷം. സന്തോഷം ഉണ്ടാകുമ്പോൾ എന്ത് സംഭവിക്കുന്നു? നൃത്തം ചെയ്യുന്നു. തപസ്യ അർത്ഥം സന്തോഷത്തിൽ നൃത്തം ചെയ്യുക, ബാബയുടെയും തന്റെയും ആദി അനാദി സ്വരൂപത്തിന്റെ മഹിമ പാടുക. ഈ ഗീതം എത്ര വലുതാണ്, എത്ര സഹജമാണ്. ഇത് പാടാൻ തൊണ്ട ശരിയാകണം എന്നില്ല. നിരന്തരം ഈ ഗീതം പാടാൻ സാധിക്കും. നിരന്തരം സന്തോഷത്തിൽ നൃത്തം ചെയ്തു കകൊണ്ടിരിക്കൂ. അപ്പോൾ തപസ്യയുടെ അർത്ഥം എന്തായി? നൃത്തം ചെയ്യുക, പാടുക, എത്ര സഹജമായി..ചെറിയ തെറ്റ് ചെയ്യുന്നവർക്കാണ് തല ഭാരിക്കുന്നത്. ബ്രാഹ്മണ ജീവിതത്തിൽ ഒരിക്കലും ആരുടെയും തല ഭാരിക്കില്ല. ഹോസ്പിറ്റൽ ഉണ്ടാക്കുന്നവരുടെ തല ഭാരിച്ചോ? ട്രസ്റ്റി മുന്നിൽ ഇരിക്കുന്നുണ്ടല്ലോ. ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ ബാബയുണ്ടെങ്കിൽ നിങ്ങൾക്കെന്ത് ഭാരമാണ് ഉള്ളത്? ഇത് നിമിത്തമാക്കി ഭാഗ്യത്തെയുണ്ടാക്കുന്നതിനുളള സാധനം ഉണ്ടാക്കി കൊണ്ടിരിക്കുന്നു. നിങ്ങളുടെ ഉത്തരവാദിത്വം എന്താണ്? ബാബയുടേതെന്ന് മനസ്സിലാക്കുന്നതിന് പകരം സ്വന്തം ഉത്തരവാദിത്വമെന്ന് മനസ്സിലാക്കുമ്പോഴാണ് തല ഭാരിക്കുന്നത്. സർവ്വശക്തിവാനായ ബാബ എന്റെ സാഥിയാണ് പിന്നെന്ത് ഭാരമുണ്ടാകും. ചെറിയ തെറ്റ് ചെയ്യുന്നു, എന്റെ ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കുമ്പോഴാണ് തല ഭാരിക്കുന്നത്. അതിനാൽ ബ്രാഹ്മണ ജീവിതത്തിൽ നൃത്തം ചെയ്യൂ, പാട്ട് പാടൂ, ആനന്ദത്തിലിരിക്കൂ. വാചാ സേവനമാകട്ടെ, കർമ്മണായാകട്ടെ. ഈ സേവനവും ഒരു കളിയാണ്. സേവനം മറ്റൊന്നുമല്ല. ചിലർ ബുദ്ധി കൊണ്ട് കളിക്കുന്നു, ചിലർ ഭാര രഹിതമായ കളി കളിക്കുന്നു. പക്ഷെ കളി തന്നെയല്ലേ. ബുദ്ധി കൊണ്ടുള്ള കളിയിൽ ബുദ്ധി ഭാരമുള്ളതായി മാറുന്നുണ്ടോ. അപ്പോൾ ഈ സർവ്വ കളിയും കളിക്കുന്നുണ്ടല്ലോ. അതിനാൽ എത്ര തന്നെ വലിയ ചിന്തിക്കേണ്ട കാര്യമാണെങ്കിലും, ശ്രദ്ധിക്കേണ്ട കാര്യമാണെങ്കിലും മാസ്റ്റർ സർവ്വശക്തിവാൻ ആത്മാവിന് സർവ്വതും കളിയാണ്, അങ്ങനെയല്ലേ? അതോ കുറച്ച് കുറച്ച് ചെയ്ത് ചെയ്ത് ക്ഷീണിക്കുന്നുണ്ടോ? ഭൂരിപക്ഷം പേരും അക്ഷീണരാണ് എന്നാൽ ഇടയ്ക്കിടയ്ക്ക് കുറച്ച് ക്ഷീണിക്കുന്നു. ഈ യോഗത്തിന്റെ പ്രയോഗം സർവ്വ ഖജനാക്കളെ, സമയം, സങ്കല്പം, ജ്ഞാനത്തിന്റെ ഖജനാവ് അഥവാ സ്ഥൂലമായ ശരീരത്തെ പോലും

യോഗയുടെ പ്രയോഗത്തിന്റെ രീതിയിലൂടെ പ്രയോഗിക്കൂവെങ്കിൽ ഓരോ ഖജനാവും വർദ്ധിച്ചു കൊണ്ടിരിക്കും. ഈ തപസ്യാ വർഷത്തിൽ യോഗത്തിന്റെ പ്രയോഗം ചെയ്തില്ലേ. എന്ത് പ്രയോഗം ചെയ്തു? ഈ ഓരോ ഖജനാവിനെയും പ്രയോഗിക്കൂ. എങ്ങനെ പ്രയോഗിക്കും? ഏതൊരു ഖജനാവിനെയും ചിലവ് കുറവും, പ്രാപ്തി കൂടുതലും. പരിശ്രമം കുറവും സഫലത കൂടുതലും ഈ വിധിയിലൂടെ പ്രയോഗിക്കൂ. സമയം അഥവാ സങ്കല്പം ശ്രേഷ്ഠമായ ഖജനാക്കളാണ്. സങ്കല്പം രചിക്കുന്നത് കുറവും പക്ഷെ പ്രാപ്തി കൂടുതലുമായിരിക്കണം. സാധാരണ വ്യക്തി രണ്ടോ നാലോ മിനിറ്റ് ചിന്തിച്ച് സഫലത പ്രാപ്തമാക്കുന്നത് നിങ്ങൾക്ക് ഒന്നോ രണ്ടോ സെക്കന്റിൽ ചെയ്യാൻ സാധിക്കും. സാകാരത്തിൽ ബ്രഹ്മാബാബ പറഞ്ഞിരുന്നു– കുറഞ്ഞ ചിലവിൽ കൂടുതൽ ലാഭമുണ്ടാക്കണം എന്ന്. ചിലവ് കുറയ്ക്കൂ എന്നാൽ പ്രാപ്തി 100 ഇരട്ടിയാകണം.ഇതിലൂടെയെന്ത് സംഭവിക്കും? സമയം സങ്കല്പത്തെ എത്ര ലാഭിച്ചുവോ അത്രയും മറ്റുള്ളവരുടെ സേവനത്തിൽ സഫലമാക്കാൻ സാധിക്കും. ദാന പുണ്യം ആർക്ക് ചെയ്യാൻ സാധിക്കും? ധനത്തിന്റെ മിതവ്യയം ചെയ്യുന്നവർക്ക്. സമ്പാദിച്ചു, സ്വയത്തിനായി ഉപയോഗിച്ചു, കഴിച്ചു എങ്കിൽ ദാന പുണ്യം ചെയ്യാൻ സാധിക്കില്ല. ഇതാണ് യോഗത്തിന്റെ പ്രയോഗം. കുറച്ച് സമയത്തിൽ കൂടുതൽ റിസൾട്ട്, കുറച്ച് സങ്കല്പത്തിലൂടെ കൂടുതൽ അനുഭവം ഉണ്ടാകണം എങ്കിലേ ഓരോ ഖജനാവിനെ മറ്റുള്ളവരെ പ്രതി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. അതേ പോലെ വാക്കുകൾ, കർമ്മം, കുറച്ച് ചിലവും സപലത കൂടുതലുമാകണം എങ്കിലേ അത്ഭുതം എന്ന് പറയാൻ സാധിക്കൂ. ബാപ്ദാദ എന്ത് അത്ഭുതമാണ് കാണിച്ചത്? എത്ര കുറച്ച് സമയത്തിൽ എന്തിൽ നിന്നും എന്താക്കി മാറ്റി? അതു കൊണ്ടാണ് പറയുന്നത് അത്ഭുതം കാണിച്ചുവെന്ന്. ഒന്നിന് കോടിമടങ്ങ് പ്രാപ്തിയുടെ അനുഭവം ചെയ്യുന്നു. അപ്പോൾ പറയുന്നു അത്ഭുതം കാണിച്ചുവെന്ന്. ഏതു പോലെ ബാപ്ദാദായുടെ ഖജനാവ് പ്രാപ്തിയും അനുഭവവും കൂടുതൽ ചെയ്യിക്കുന്നു. അതേപോലെ നിങ്ങളെല്ലാവരും യോഗത്തിന്റെ പ്രയോഗം ചെയ്യൂ. കേവലം, ബാബാ അങ്ങ് അത്ഭുതം കാണിച്ചുവെന്ന് പാട്ടായിട്ട് മാത്രമല്ലല്ലോ പാടുന്നത്. നിങ്ങളും അത്ഭുതം കാണിക്കുന്നവരാണ്. ചെയ്യുന്നുമുണ്ട്. എന്നാൽ തപസ്യ ചെയ്യുന്ന ഈ സമയത്ത് ഭൂരിപക്ഷം കുട്ടികളുടെയും റിസൾട്ട് എന്താണ് കണ്ടത്?

തപസ്യയുടെ ഉണർവ്വും ഉത്സാഹവും നല്ലതാണ്. ശ്രദ്ധയുമുണ്ട് സഫലതയുമുണ്ട് എന്നാൽ സ്വയത്തെ പ്രതി സർവ്വ ഖജനാക്കൾ കൂടുതൽ ഉപയോഗിക്കുന്നു. സ്വയം അനുഭവം ചെയ്യുക എന്നതും നല്ല കാര്യമാണ്. എന്നാൽ തപസ്യാ വർഷം സ്വയത്തെ പ്രതിയും വിശ്വ സേവനത്തിന് വേണ്ടിയുമാണ് നല്കിയിട്ടുള്ളത്. തപസ്യയുടെ പ്രകമ്പനങ്ങൾ വിശ്വത്തിൽ തീവ്രഗതിയിൽ വ്യാപിപ്പിക്കൂ. അനുഭവത്തിന്റെ പരീക്ഷണശാലയിൽ യോഗത്തിന്റെ പ്രയോഗത്തിന്റെ ഗതിയെ വർദ്ധിപ്പിക്കൂ. തന്റെ ശക്തിശാലി വൈബ്രേഷൻസിലൂടെ അന്തരീക്ഷത്തെ പരിവർത്തനപ്പെടുത്തേണ്ട ആവശ്യമാണ് വർത്തമാന സമയത്ത് സർവ്വാത്മാക്കൾക്കും ഉള്ളത്. അതിനാൽ പ്രയോഗത്തെ കൂടുതൽ വർദ്ധിപ്പിക്കൂ. സഹയോഗി കുട്ടികൾ വളരെയധികമുണ്ട്. ഈ സഹയോഗം തന്നെ യോഗത്തിലേക്ക് പരിവർത്തനപ്പെടും. ഒന്ന് സ്നേഹി സഹയോഗി, രണ്ടാമത് സഹയോഗി യോഗി. മൂന്നാമത് നിരന്തര യോഗി പ്രയോഗി. ഇപ്പോൾ സ്വയത്തോട് ചോദിക്കൂ ഞാൻ ആരാണ്? ബാപ്ദാദായ്ക്ക് മൂന്ന് പ്രകാരത്തിലുമുള്ള കുട്ടികളെ പ്രിയമാണ്. ചില കുട്ടികളുടെ വൈബ്രേഷൻസ് ബാപ്ദാദായുടെയടുത്തെത്തി. വ്യത്യസ്ഥ പ്രകാരത്തിലുള്ള വൈബ്രേഷൻസാണ്. അറിയാമോ ഏതൊരു കാര്യമാണ് ബാപ്ദാദായുടെയടുത്തെത്തുന്നത്? സൂചനയിലൂടെ മനസ്സിലാക്കുന്നവരല്ലേ. ഈ തപസ്യാ വർഷത്തിൽ എന്തെല്ലാം സംഭവിച്ചു കൊണ്ടിരിക്കുന്നുവൊ അതിന്റെ കാരണമെന്താണ്? വലിയ വലിയ പ്രൊജക്ട് ചെയ്തു കൊണ്ടിരിക്കുന്നു ഇതിന്റെ കാരണമെന്ത്? ചിലർ മനസ്സിലാക്കുന്നു ഇതാണ് തപസ്യയുടെ ഫലമെന്ന്. ചിലർ ചിന്തിക്കുന്നു തപസ്യാ വർഷത്തിൽ ഇതെന്ത് കൊണ്ട്? രണ്ട് വൈബ്രേഷൻസും വരുന്നു. എന്നാൽ സമയത്തിന്റെ തീവ്രഗതിയും, തപസ്യയുടെ വൈബ്രേഷൻസിലുമൂടെ ആവശ്യം പൂർത്തിയാകുന്നു എന്നത് തപസ്യയുടെ ബലത്തിന്റെ ഫലമാണ്. ഫലം ഭക്ഷിക്കേണ്ടി വരുമല്ലേ അല്ലേ. ഡ്രാമ കാണിച്ചു തരുന്നു– തപസ്യക്ക് സർവ്വ ആവശ്യങ്ങളെയും സമയത്ത് സഹജമായി പൂർത്തീകരിക്കാൻ സാധിക്കും. മനസ്സിലായോ. ഇതെന്ത് കൊണ്ട് സംഭവിക്കുന്നുവെന്ന ചോദ്യമേ ഉണ്ടാകില്ല. തപസ്യാ അർത്ഥം സഹജമായി സഫലതയുടെ അനുഭവമുണ്ടാകണം. മുന്നോട്ടു പോകുമ്പോൾ അസംഭവ്യം എങ്ങനെ സഹജമായി സംഭവ്യമാകുന്നു എന്ന അനുഭവം കൂടുതൽ ചെയ്തു കൊണ്ടിരിക്കും. വിഘ്നങ്ങൾ വരിക എന്നതും ഡ്രാമയിൽ ആദി മുതൽ അന്ത്യം വരെ അടങ്ങിയിട്ടുണ്ട്. ഈ വിഘ്നവും അസംഭവ്യത്തിൽ നിന്നും സംഭവ്യത്തിന്റെ അനുഭവം ചെയ്യിക്കുന്നു. നിങ്ങളെല്ലാവരും അനുഭവികളായി അതിനാൽ വിഘ്നവും കളിയായി അനുഭവപ്പെടുന്നു. ഏതു പോലെ ഫുഡ്ബോൾ കളിക്കുമ്പോൾ എന്താണ് ചെയ്യുന്നത്? ബാൾ വരുന്നു അപ്പോഴല്ലേ നിങ്ങൾ അതിനെ തട്ടി മാറ്റുന്നു ബോളേ വന്നില്ലായെങ്കിൽ എങ്ങനെ തട്ടുമായിരുന്നു? ഇതും ഫുഡ്ബോൾ കളിയാണ്. കളി കളിക്കാൻ രസമല്ലേ അതോ ആശയക്കുഴപ്പത്തിൽ വരുന്നുണ്ടോ? ബോൾ കാൽക്കൽ വരാൻ വേണ്ടി ശ്രമിക്കുന്നില്ലേ, എന്നാലല്ലേ തട്ടി വിടാൻ

സാധിക്കൂ. ഈ കളി നടന്നു കൊണ്ടിരിക്കും. നഥിംഗ് ന്യൂ( ഒന്നും പുതിയതല്ല). ഡ്രാമ കളിയും കാണിക്കുന്നു, സമ്പന്നമായ സഫലതയും കാണിക്കുന്നു. ഇത് തന്നെയാണ് ബ്രാഹ്മണ കുലത്തിന്റെ രീതി സമ്പ്രദായം. ശരി.

ഈ ഗ്രൂപ്പിന് വളരെ അവസരം ലഭിച്ചിട്ടുണ്ട്. ഏതൊരു കാര്യത്തിനും നിമിത്തമാകുക, ഏതൊരു പ്രകാരത്തിലുള്ള വിധിയിലൂടെ നിമിത്തമാകുക അർത്ഥം ചാൻസ് നേടുന്ന ചാൻസലറാകുക. ഇന്നത്തെ വിശ്വത്തിൽ സമ്പത്തുള്ളവർ നിറയേയുണ്ട് എന്നാൽ നിങ്ങളുടെയടുത്ത് ഏറ്റവും വലുതിലും വച്ച് വലിയ സമ്പത്ത് ഏതാണ് ഉള്ളത്, അത് ലോകത്തിലുള്ളവരുടെയടുത്തില്ല? അത് സമ്പത്തുള്ളവർക്കും ദരിദ്രർക്കും ആവശ്യമുണ്ട്. അത് ഏത് സമ്പത്താണ്? ഏറ്റവും വലുതിലും വച്ച് വലിയ ആവശ്യമായ സമ്പത്താണ് സഹതാപം. ദരിദ്രരായിക്കോട്ടെ. ധനവാനാകട്ടെ ഇന്ന് സഹതാപമില്ല. ഇത് ഏറ്റവും വലുതിലും വച്ച് വലിയ സമ്പത്താണ്. മറ്റൊന്നും നല്കിയില്ലായെങ്കിലും സഹതാപത്തിലൂടെ സർവ്വരെയും സന്തുഷ്ടമാക്കാൻ സാധിക്കും. നിങ്ങളുടെ സഹതാപം ഈശ്വരീയ പരിവാരവുമായി സംബന്ധമുള്ളതാണ്. ഇന്നത്തെ ലോകത്തിലേത് പോലെയല്ല. പരിവാരത്തിലെ സഹതാപം ഏറ്റവും വലുതിലും വച്ച് വലിയ സഹതാപമാണ്, ഇത് സർവ്വർക്കും ആവശ്യമുള്ളതാണ്, നിങ്ങൾക്ക് ഇത് സർവ്വർക്കും നല്കാൻ സാധിക്കും. ആത്മീയ സഹതാപത്തിന് ശരീരം, മനസ്സ്, ധനം- ഇവയെയും പൂർത്തീകരിക്കാൻ സാധിക്കും. ശരി, ഇതിനെ കുറിച്ച് പിന്നീടൊരിക്കൽ കേൾപ്പിക്കാം.

നാല് ഭാഗത്തുമുള്ള തപസ്വീരാജ ശ്രേഷ്ഠ ആത്മാക്കൾക്ക്, സദായോഗത്തിന്റെ പ്രയോഗത്തിലൂടെ കുറഞ്ഞ ചിലവിൽ കൂടുതൽ ശ്രേഷ്ഠത അനുഭവം ചെയ്യുന്ന, സദാ ഞാൻ ബാബയുടേത് ബാബ എന്റേത് -ഈ തപസ്യയിൽ മുഴുകിയിരിക്കുന്ന, സദാ തപസ്യയിലൂടെ സന്തോഷത്തിൽ നൃത്തം ചെയ്യുന്ന, ബാബയുടെയും തന്റെയും മഹിമ പാടുന്ന, അങ്ങനെ ദേശ വിദേശത്തിലെ സർവ്വ സ്മൃതി സ്വരൂപരായ കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

## വരദാനം- തന്റെ ചലനത്തിലൂടെയും മുഖത്തിലൂടെയും ഭാഗ്യത്തിന്റെ രേഖയെ കാണിക്കുന്ന ശ്രേഷ്ഠ ഭാഗ്യവാനായി ഭവിക്കട്ടെ.

നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്ക് ഡയറക്ട് അനാദി പിതാവിലൂടെയും ആദി പിതാവിലൂടെയും ഈ അലൗകിക ജന്മം പ്രാപ്തമായി. ഭാഗ്യവിദാതാവിലൂടെ ജന്മം ലഭിച്ചവർ എത്ര ഭാഗ്യവാനായി. തന്റെ ഈ ശ്രേഷ്ഠമായ ഭാഗ്യത്തെ സദാ സ്മൃതിയിൽ വച്ച് ഹർഷിതമായിരിക്കൂ. ഓരോ ചലനത്തിലും മുഖത്തിലും ഈ സ്മൃതി സ്വരൂപം പ്രത്യക്ഷ രൂപത്തിൽ സ്വയത്തിനും അനുഭവപ്പെടണം, മറ്റുള്ളവർക്കും കാണപ്പെടണം. നിങ്ങളുടെ മസ്തകത്തിൽ ഈ ഭാഗ്യത്തിന്റെ രേഖ തിളങ്ങുന്നതായി കാണപ്പെടണം- എങ്കിൽ പറയാം ശ്രേഷ്ഠമായ ഭാഗ്യവാൻ ആത്മാവ്.

## സ്ലോഗൻ- അന്തർമുഖിയായി ലൈറ്റ് മൈറ്റ് രൂപത്തിന്റെ അനുഭവം ചെയ്യുന്നവരാണ് യോഗീ ആത്മാവ്.